# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 1048 | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|

**ക്ഷേമ പെൻഷനുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.എം.മണി<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.ജോർജ്ജ്.എം.തോമസ്<br>ശ്രീ.യു.ആർ.പ്രദീപ് | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | ക്ഷേമ പെൻഷനുകൾ വീട്ടുകളിൽ എത്തിച്ചു നൽകുന്നതിനായി ഏർപ്പെടുത്തിയ സജ്ജീകരണങ്ങൾ വ്യക്തമാക്കാമോ; പെൻഷൻ വിതരണം തടയുവാനായി ഏതെങ്കിലും ഭാഗത്തു നിന്നു ശ്രമമുണ്ടായിരുന്നോ; | (എ) | ക്ഷേമ പെൻഷൻ വീട്ടുകളിൽ എത്തിച്ച് നൽകുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ചുമതലപ്പെടുത്തിയത്. പെൻഷൻ വീട്ടിൽ ലഭിക്കണമെന്ന് ആവശ്യപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട പെൻഷൻ തുക ജില്ലാ സഹകരണ ബാങ്ക് മുഖേന ഇതിലേക്കായി ചുമതലപ്പെടുത്തിയ ഏജന്റ് മുഖേന ഗുണഭോക്താവിന് ലഭ്യമാക്കുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പെൻഷൻ വിതരണം തടയുന്നതിന് ശ്രമമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതി പ്രകാരം 2476430 ഗുണഭോക്താക്കാൾക്ക് പെൻഷൻ നൽകിയിട്ടുണ്ട്. |
| (സി) | കുടിശ്ശികയുൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ ഓണത്തിനു മുമ്പായി വിതരണം ചെയ്യുന്നതിനു എത്ര തുക വേണ്ടി വന്നു എന്നത് വിശദമാക്കാമോ; | (സി) | 2415 കോടി രൂപ |
| (ഡി) | പെൻഷൻ വിതരണത്തിൽ സുതാര്യതയും പക്ഷപാതരാഹിത്യവും ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിലും ജന പ്രതിനിധികളും ബാങ്ക് പ്രതിനിധികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് പദ്ധതി നടത്തിപ്പ് അവലോകനം നടത്തുകയും പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ